# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

**തിരുവനന്തപുരം – 695 033**

**നമ്പർ: 12/2015/സം.തി.ക.** **തീയതി : 19.10.2015**

**<u>സർക്കുലർ</u>**

വിഷയം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ-പൊതു തിരഞ്ഞെടുപ്പ് 2015-അടയാളപ്പെടുത്തിയ വോട്ടർ പട്ടിക(Marked Copy) **തയ്യാറാക്കുന്നത് –സംബന്ധിച്ച്.**

1. ഗ്രാമ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ എന്നിവയിലെ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ അതാത് സ്ഥാപനങ്ങളിലെ അന്തിമ വോട്ടർപട്ടികയുടെയും (Mother Roll)_സപ്ലിമെന്ററി പട്ടികകളായ കൂട്ടിച്ചേർക്കലുകൾ, തിരുത്തലുകൾ, ഒഴിവാക്കലുകൾ എന്നിവ യുടെയും പ്രിന്റ് എടുത്ത് പാർട്ട് നമ്പർ, പേജുകളുടെ എണ്ണം, എന്നിവ ശരിയാണെന്ന് ഉറപ്പാക്കണം.
2. അന്തിമ വോട്ടർപട്ടികയിലെ ഓരോ ഭാഗത്തിലെയും വോട്ടർമാരുടെ ക്രമ നമ്പർ തുടർച്ചയായിട്ടുള്ളതാണെന്നും അതിനെ തുടർന്നുള്ള ക്രമനമ്പറുകളാണ് സപ്ലിമെന്ററി പട്ടകയിലുള്ളതെന്നും ഉറപ്പാക്കണം. അതോ ടൊപ്പം എല്ലാ വോട്ടർമാരെ സംബന്ധിച്ചുള്ള ഉൾക്കുറിപ്പുകളും വന്നിട്ടുണ്ടെന്ന് ഉറപ്പാക്കണം.
3. വോട്ടർപട്ടികയുടെ ആമുഖ പേജിൽ പുരുഷൻമാർ, സ്ത്രീകൾ, മറ്റുള്ളവർ എന്നിവരുടെ എണ്ണം രേഖപ്പെടുത്തിയിട്ടുള്ളത് ശരിയാണെന്ന് ഉറപ്പാക്കണം.
4. അതോടൊപ്പം ആമുഖപേജിൽ രേഖപ്പെടുത്തിയിട്ടുള്ള പോളിംഗ് സ്റ്റേഷൻ, ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ, ജില്ലാ പഞ്ചായത്ത് ഡിവിഷൻ എന്നിവ ശരിയാണെന്നും ഉറപ്പാക്കേണ്ടതാണ്. കൂടാതെ, ഒരോ തലത്തിലെയും വാർഡുകളുടെ സംവരണം സംബന്ധിച്ചുള്ള കോളങ്ങളും പൂരിപ്പിക്കേണ്ടതാണ്.
5. 'ഒഴിവാക്കലുകൾ' പട്ടികയിൽ വന്നിട്ടുള്ള വോട്ടർമാരുടെ അടിസ്ഥാനപട്ടികയിലുള്ള കോളത്തിൽ ചുവന്ന മഷികൊണ്ട് Deleted എന്ന് രേഖപ്പെടുത്തേണ്ടതാണ്. കൂടാതെ, തിരുത്തലുകൾ പട്ടികയിൽ വന്നിട്ടുള്ളവരെ 'C' എന്നും ചുവന്ന മഷികൊണ്ട് അടിസ്ഥാന പട്ടികയിൽ രേഖപ്പെടുത്തേണ്ടതാണ്.
6. മേൽപ്പറഞ്ഞ നടപടി ക്രമങ്ങൾ പാലിച്ച് അടിസ്ഥാനപട്ടികയുടെയും സപ്ലിമെന്ററി പട്ടികകളുടെയും 5 പകർപ്പുകൾ വീതം എടുത്ത് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ ഒപ്പ് വയ്ക്കേണ്ടതും അവയിൽ 4 കോപ്പികൾ ബന്ധപ്പെട്ട വരണാധികാരികളെ 22/10/15-ന് മുമ്പ് ഏൽപ്പിക്കേണ്ടതുമാണ്. ഒരു കോപ്പി ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ ബയന്റ് ചെയ്ത് ഓഫീസിൽ സൂക്ഷിക്കേണ്ടതാണ്.
7. വരണാധികാരികൾ കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള ദിവസങ്ങളിൽ പോസ്റ്റൽ ബാലറ്റുകൾ അയയ്ക്കേണ്ടതും വോട്ടർ പട്ടികയിൽ 'പി, ബി' എന്നു മാർക്ക് ചെയ്യേണ്ടതുമാണ്.

8. ഇത്തരത്തിൽ അടയാളപ്പെടുത്തുന്ന വോട്ടർപട്ടിക പോളിംഗ് സ്റ്റേഷനിൽ മാർക്ക്ട് കോപ്പി (Marked Copy), വർക്കിംഗ് കോപ്പി (Working Copy) എന്നിവയായി ഉപയോഗിക്കുന്നതിന് വിതരണ കേന്ദ്രത്തിന്റെ ചുമതലയുള്ള ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർക്ക് 29.10.2015-നകം രേഖാമൂലം നൽകേണ്ടതാണ്.

9. മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ യഥാസമയം പൂർത്തിയാക്കിയിട്ടുണ്ടെന്ന് മുനിസിപ്പൽ പ്രദേശങ്ങളുടെ അസിസ്റ്റന്റ് ജില്ലാ തിരഞ്ഞെടുപ്പുദ്യോഗസ്ഥരായ ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർമാരും പഞ്ചായത്തു പ്രദേശങ്ങളുടെ അസിസ്റ്റന്റ് ജില്ലാ തിരഞ്ഞെടുപ്പുദ്യോഗസ്ഥരായ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും ഉറപ്പാക്കേണ്ടതാണ്.

**കെ. ശശിധരൻ നായർ**
**സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ**

**എല്ലാ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്കും.**
**എല്ലാ വരണാധികാരികൾക്കും.**

**പകർപ്പ്:-**

**എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും.**
**എല്ലാ റീജിയണൽ ജോയിന്റ് ഡയറക്ടർമാർക്കും.**
**എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും.**
**എല്ലാ ഓഫീസർമാർക്കും. എല്ലാ സെക്ഷനുകൾക്കും.**
**പബ്ലിക് റിലേഷൻസ് ഓഫീസർ,കമ്പ്യൂട്ടർ പ്രോഗ്രാമർ**
**സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി**

**അംഗീകാരത്തോടെ,**

ഒപ്പ്

**സെക്ഷൻ ഓഫീസർ**